ഉത്തരം

(എ-സി) ഈ റോഡ് പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡായതിനാൽ പൊതുമരാമത്ത് വകുപ്പിന് ഈ പണി ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയില്ല.

88 (522) ആറന്മുള നിയോജകമണ്ഡലത്തിലെ റോഡുകൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 1999-2000 വർഷത്തിൽ എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ബി) അതിൽ നവംബർ 30 വരെ ഏതൊക്കെ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഇനിയും ഏതൊക്കെ റോഡുകളുടെ പണി ആരംഭിക്കാൻ ബാക്കിയുണ്ട്;

(ഡി) 2000 മാർച്ചിനു മുൻപ് മുഴുവൻ റോഡുകളുടേയും അറ്റകുറ്റപ്പണി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) മരാമത്തു പണികളുടെ വിശദവിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കാറില്ല.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ 1999 ഡിസംബർ 31ന് മുമ്പായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

89 (524) അയിലം പാലത്തിന്റെ നിർമ്മാണം

ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മുദ്ദാക്കൽ പഞ്ചായത്തിൽ അയിലം പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പാലത്തിന്റെ പണി പൂർത്തീകരിക്കാത്തതു കാരണം വർഷങ്ങളായി ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇതിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അയിലം പാലത്തിനാവശ്യമായ സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) പാലംപണി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly